ഖാദി വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി

1364. [2041] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി വ്യവസായ തൊഴിലാളികൾക്കുള്ള ക്ഷേമനിധിക്ക് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ?

ഉത്തരം

(എ)&(ബി) ഖാദി തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പ്രാബല്യത്തിൽ വരുന്ന തീയതിയെപ്പറ്റി തീരുമാനമെടുത്തിട്ടില്ല.

കൊല്ലം ലേബർ കോടതിയുടെ അധികാരപരിധി

1365. [2043] ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ലേബർ കോടതിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജില്ലകൾ ഏതെല്ലാം ;

(ബി) ഓരോ ജില്ലയിൽനിന്നും എത്ര കേസുകൾവീതം ഇന്നു ലേബർ കോടതിയിൽ വിചാരണയിലുണ്ട് ;

(സി) ആറുമാസത്തിൽ കൂടുതൽ സമയം കഴിഞ്ഞിട്ടുള്ള എത്ര കേസുകളാണ് നിലവിലുള്ളത് ;

(ഡി) ലേബർ കേസുകൾ ഇത്ര മാസത്തിനകം വിചാരണ ചെയ്തു വിധി പ്രസ്താവിക്കണമെന്നു ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(ഇ) എങ്കിൽ എത്ര മാസം എന്നു വ്യക്തമാക്കുമോ ;

(എഫ്) കൊല്ലം ലേബർ കോടതിയിൽ കുറെ നാളായി ജഡ്ജി ഉണ്ടായിരുന്നോ ; ഇല്ല, എങ്കിൽ അടിയന്തിരമായി ജഡ്ജിയെ നിയമിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളാണ് കൊല്ലം ലേബർ കോടതിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) തിരുവനന്തപുരം ജില്ല—68 കേസുകൾ
കൊല്ലം ജില്ല— 319 കേസുകൾ
ആലപ്പുഴ ജില്ല — 101 കേസുകൾ
പത്തനംതിട്ട ജില്ല— 23 കേസുകൾ.

(സി) 91 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly